2. അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്

3. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

4. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ.

(ഇ) സ്പോർട്സുമായി ബന്ധമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി നിലവിലുള്ള കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ഇതര ആവശ്യങ്ങൾക്ക് കാർ പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യ പ്രദമായ മറ്റ് സ്ഥലങ്ങൾ ലഭ്യമാണെന്നിരിക്കെ, സ്റ്റേഡിയം സ്പോർട്സിതര ആവശ്യങ്ങൾക്ക് നൽകാതെ ഇവിടെ സ്പോർട്സ് പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ അംഗീകൃത മാനദണ്ഡപ്രകാരമാണ് കായികേതര ആവശ്യങ്ങൾക്ക് സ്റ്റേഡിയം അനുവദിച്ചുവരുന്നത്.

(ജി) സ്റ്റേഡിയം ഇതര ആവശ്യങ്ങൾക്ക് നൽകുന്നതുമൂലം കേടുപാടുകൾ സംഭവിക്കുന്നതിനാൽ സ്പോർട്സ് ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

വണ്ടൂർ സ്റ്റേഡിയം നിർമ്മാണം

247 (2967) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിലെ വണ്ടൂരിൽ ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക വകുപ്പ് ഉദ്യോഗസ്ഥതലത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(ബി) സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ; പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) 2019-20-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വണ്ടൂർ സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം വണ്ടൂർ വി.എം.സി.എച്ച്.എസ്.എസ്-ലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തിന്റെ മണ്ണ് പരിശോധനയ്ക്കായി തിരുവനന്തപുരം ലാൽബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ്-19 മൂലമുള്ള നിയന്ത്രണങ്ങൾ കാരണം എഞ്ചിനീയറിംഗ് കോളേജിന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോവിഡ്-19 മൂലമുള്ള നിയന്ത്രണങ്ങൾ മാറിയശേഷം മണ്ണ് പരിശോധന പൂർത്തിയാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. മണ്ണ് പരിശോധന റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്തശേഷം വിശദമായ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതാണ്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വണ്ടൂർ വി.എം.സി.എച്ച്.എസ്.എസ്. അധികൃതർ കായിക വകുപ്പുമായി നിർദ്ദിഷ്ട സ്റ്റേഡിയത്തിന്റെ സുഗമമായ തുടർപരിപാലനവുമായി ബന്ധപ്പെട്ട് ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പാറശാല മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നവീകരണം

248 (2968) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ കുന്നത്തുകാൽ, കള്ളിക്കാട്, കൊല്ലയിൽ എന്നീ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്പോർട്സ് എഞ്ചിനീയറിങ് വിഭാഗം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്റ്റേഡിയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ?

(എ-സി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

തൃക്കരിപ്പൂരിൽ ഫുട്ബോൾ സ്റ്റേഡിയം

249 (2969) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ ചീമേനി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ ഒരു ഫുട്ബോൾ സ്റ്റേഡിയം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly